**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2134** **09-12-2022 - ൽ മറുപടിയ്ക്ക്**

**വയനാട് ജില്ലയിലെ ഗതാഗത നിയമ ലംഘനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | വയനാട് ജില്ലയിൽ മോട്ടോർ വാഹന വകുപ്പ് ഗതാഗത നിയമ ലംഘനങ്ങൾക്ക് 2022 ഒക്ടോബർ മാസത്തിൽ എത്ര കേസ് രജിസ്റ്റർ ചെയ്തു എന്ന് വ്യക്തമാക്കാമോ; | (എ) | വയനാട് ജില്ലയിൽ ഗതാഗത നിയമ ലംഘനങ്ങൾക്ക് 2022 ഒക്ടോബർ മാസത്തിൽ 2237 (രണ്ടായിരത്തി ഇരുന്നൂറ്റി മുപ്പത്തിയേഴ്) കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | ഇത്തരം കേസുകളിൽ എത്ര രൂപ പിഴ ഈടാക്കി എന്നും എത് തരം വാഹനങ്ങളാണ് ഏറ്റവും കൂടുതൽ നിയമ ലംഘനം നടത്തിയത് എന്നും വ്യക്തമാക്കാമോ; | (ബി) | ഇത്തരം കേസുകളിൽ 14,72,571/- (പതിനാല് ലക്ഷത്തി എഴുപത്തിരണ്ടായിരത്തി അഞ്ഞൂറ്റി എഴുപത്തിയൊന്ന്) രൂപ പിഴ ഈടാക്കിയിട്ടുണ്ട്. ഏറ്റവും കൂടുതൽ നിയമലംഘനം നടത്തിയിട്ടുള്ളത് ഇരുചക്ര വാഹനങ്ങളാണ്. |
| (സി) | ലൈസൻസില്ലാതെ വാഹനം ഓടിച്ചതിന് ഈ കാലയളവിൽ വയനാട് ജില്ലയിൽ എത്ര കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്? | (സി) | ലൈസൻസ് ഇല്ലാതെ വാഹനം ഓടിച്ചതിന് 115 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ